സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ സ്വയംപര്യാപ്തമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 87/23/Est-I** നന്തൻകോട്, **03/07/2023**

---

പരാമർശം ഃ– 1) 10–06–2–22 ലെ ROC 87/22/Est-I(ii) നമ്പർ ഉത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 28–12–2022 ലെ ROC 12822/22/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ സ്വയംപര്യാപ്തമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു (പരാമർശം –1).

തുടർന്ന് ലഭിച്ച ദേവസ്വം കമ്മീഷണറുടെ പരാമർശം 2 പ്രൊപ്പോസൽ ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സദ്യാലയങ്ങൾ, ഊട്ടുപുരകൾ, ആഡിറ്റോറിയങ്ങൾ എന്നിവ അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തി വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ച് നിരവധി ഉത്തരവുകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആകയാൽ ദേവസ്വം സദ്യാലയങ്ങൾ, ഊട്ടുപുരകൾ, ആഡിറ്റോറിയങ്ങൾ എന്നിവ അത്യാവശ്യം അറ്റകുറ്റപ്പണികൾ നടത്തി വാടക നിശ്ചയിച്ച് വാടകയ്ക്ക് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അതാതു അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തുന്നു. സദ്യാലയം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ അറ്റകുറ്റപ്പണികൾ കഴിയാവുന്നത്ര സ്പോൺസർമാരെ കൊണ്ട് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

...2

2) ഓരോ ക്ഷേത്രങ്ങളുടേയും പ്രാധാന്യം കണക്കിലെടുത്ത് തന്ത്രിമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പൂജകളും വഴിപാടുകളും നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർക്ക് നിർദ്ദേശം നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

3) ക്ഷേത്രങ്ങളോട് ചേർന്നുള്ള പ്രധാന റോഡുകളിലെ കാണിക്ക മണ്ഡപം നവീകരിച്ച് ആകർഷകമായ രീതിയിൽ ക്ഷേത്രത്തിന്റെ ബോർഡുകളും ആയതിന്റെ ചരിത്രവും രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

4) ക്ഷേത്രങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് അതാത് ദേവസ്വം ഉപദേശകസമിതിയുടെ ഉത്തരവാദിത്വത്തിൽ മെയിന്റനൻസ് നടത്തിക്കുന്നതിനും ഇപ്രകാരം മെയിന്റനൻസ് നടത്തുന്നപക്ഷം കൂപ്പൺ സീൽ ചെയ്യുമ്പോൾ അടക്കേണ്ട 5 % ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

5) നാഷണൽ ഹൈവേക്കായി വസ്തു എടുക്കുമ്പോൾ ദേവസ്വം വക സ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്ന് കൃത്യമായി പരിശോധിക്കണം. അപ്രകാരം ഉൾപ്പെടുന്നുവെങ്കിൽ സ്ഥലത്തിന്റെ വിവരം മേലാഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ടി വസ്തുവിൽ ഉള്ള അലങ്കാര ഗോപുരങ്ങൾ, കാണക്ക വഞ്ചികൾ എന്നിവ മാറ്റുന്നതിന് മുൻപായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അറിയിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് മേലാഫീസിനെ അറിയിക്കേണ്ടതാണ്.

ഇപ്രകാരം ലഭിക്കേണ്ട compensation കളും യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

6) നാഷണൽ ഹൈവേക്കായി ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ബോർഡിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക ഒടുക്കുവരുത്തുന്നതിനായി ബോർഡിന്റെ അക്കൗണ്ട് നമ്പർ ആവശ്യപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി അധികൃതരുടെ കത്ത് ലഭിച്ചിട്ടും ആയത് നൽകിയിട്ടില്ലായെന്നത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയം വളരെ ഗൗരവമായി കണ്ട് നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിന് അതാത് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

7) വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും വാടക യഥാസമയം ഈടാക്കുന്നതിന് വീഴ്ച വരുത്തുന്നത് ബോർഡ് ഗൗരവമായി കാണുന്നു. ഇതിൽ വീഴ്ച വരുത്തുന്നത് കാരണം ബോർഡിന് ലഭിക്കേണ്ട വരുമാനം ലഭിക്കാതെ വരിക മാത്രമല്ല അനാവശ്യമായി കോടതി വ്യവഹാരങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെക്കിട്ടുള്ളതാണ്.

ആകയാൽ വാടകകൾ യഥാസമയം ഈടാക്കി ഒടുക്ക് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8) നിലവിൽ എല്ലാ വസ്തുക്കളുടേയും ഡിജിറ്റൽ സർവ്വേ നടന്നുവരികയാണ്. ദേവസ്വം വക വസ്തുക്കളിൽ ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ദേവസ്വത്തിന്റെ കൈവശമിരിക്കുന്ന വസ്തുക്കളെ കുറിച്ച് സർവ്വേ നടത്തുന്ന ഉദ്യോഗസ്ഥനെ ബോദ്ധ്യപ്പെടുത്തി ദേവസ്വം വസ്തുക്കൾ നഷ്ടപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

9) ദേവസ്വം വസ്തുക്കളിൽ നിന്നും ലഭിക്കുന്ന ആദായങ്ങൾ യഥാമയം ലേലം ചെയ്ത് ആയതിന്റെ റവന്യൂ ദേവസ്വം ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

മേൽ വിവരിച്ച നിർദ്ദേശങ്ങൾ പാലിക്കാതെ വീഴ്ച വരുത്തുന്നതു കാരണം ഡിപ്പാർട്ട്മെന്റിനുണ്ടാകുന്ന എല്ലാവിധ നഷ്ടവും ബന്ധപ്പെട്ട ഉദ്യോസ്ഥരുടെ ചുമതലയായി കണക്കാക്കി അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK